LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി സംസ്ഥാനത്തിന്റെ വിഭവം കണക്കിലെടുത്താണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*. (പിൻവലിച്ച തുകയുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്)

(സി) നീക്കിവയ്ക്കുന്ന തുക കുറയുന്നില്ല എന്നതിനാൽ ബാധകമല്ല.

പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരണം

243 (3450) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനം ജനങ്ങൾക്ക് എപ്രകാരം പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.
2. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കി. ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും 5 വർഷത്തേയ്ക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും ഓരോ വർഷത്തേക്കുമുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണവും അംഗീകാരം നേടലും നടപടി ക്രമങ്ങൾ ലഘൂകരിച്ച് സാങ്കേതിക ഉപദേശക സമിതി ഒഴിവാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ISO 9001-2008 സർട്ടിഫിക്കേഷനിലൂടെ മെച്ചപ്പെട്ട സേവനം നടപ്പാക്കിവരുന്നു.

4. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

5. ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

6. ഇ-ഗവേണൻസിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം അന്തിമഘട്ടത്തിലാണ്.

7. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി കില മുഖേന പരിശീലനം നൽകിവരുന്നു.

8. അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ഉപ്പാക്കുന്നതിനായി സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

10. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.

11. പൊതുശ്മശാനം, ആധുനിക അറവുശാല നിർമ്മാണം എന്നിവ നിർബന്ധിത പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആവശ്യമായ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(i) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ ജോലിഭാരം ലഘൂകരിക്കുന്നതിനും അതുവഴി സേവനങ്ങൾ പെട്ടെന്ന് നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ii) ISO സർട്ടിഫിക്കേഷനിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കിവരുന്നു.

(iii) ഫ്രണ്ട് ആഫീസ് സംവിധാനത്തിലൂടെ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കിയിട്ടുണ്ട്.

(iv) ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി ഉണനിലവാരമുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സാധിക്കുന്നുണ്ട്.

മരങ്ങാട്ടുപള്ളി കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണ പ്രവർത്തനം

244 (3451) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി.-എ.ഡി.എസ്. പ്രകാരം ധനകാര്യ വകുപ്പ് ക്ലിയർ ചെയ്ത ഫയൽ നമ്പർ 1/ഡി.ബി.2/15/എൽ.എസ്.ജി.ഡി., 20929/ എൻ.സി.ബി.2/ 15/ധന. എന്ന ഫയലിന്റെ ജി.ഒ. എൽ.എസ്.ജി.ഡി-യിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുണ്ടാകുന്ന കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ സൂചിപ്പിക്കുന്ന പെരുവ മാർക്കറ്റ് എന്ന വർക്ക്, ഡബ്ലിംഗ് ആയതിനാൽ പ്രസ്തുത വർക്ക് ക്യാൻസൽ ചെയ്യുന്നതിനും ഇതിനോടനുബന്ധിച്ചുള്ള മരങ്ങാട്ടുപള്ളി കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണ പ്രവർത്തനത്തിന് എ. എസ് നൽകുന്നതിനുമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫയൽ നമ്പർ1/ഡി.ബി.2/15/എൽ.എസ്.ജി.ഡി.യിൽ 20-4-2015-ലെ സ.ഉ.(സാധാ)1185/15/തസ്വഭവ പ്രകാരം പെരുവ മാർക്കറ്റ് നവീകരണത്തിനും ശുചിത്വ കേന്ദ്രത്തിന്റെ നിർമ്മാണത്തിനുമായി 30 ലക്ഷം രൂപയുടെയും മരങ്ങാട്ടുപള്ളി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് 14,50,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

245 (3452) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്, ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly